# IF

IF സാധാരണയായി ഉപയോഗിക്കുന്നത് ഒരു ഉദാഹരണരൂപേണ വ്യക്തമാക്കാം .

പട്ടികയിലെ ഒരു കോളത്തിലെ ഡാറ്റാക്കനുസരിച്ച് മറ്റൊരു കോളത്തിൽ ചില വാക്കുകൾ പ്രത്യക്ഷപ്പെടുത്തുവാനായിട്ടാണ് IF ഉപയോഗിക്കുന്നത്

സാധാരണയായി Selected or Not Selected എന്നിവയിൽ ഏതെങ്കിലും ഒന്നാണ് ഉപയോഗിക്കാറുപതിവ് .

Passed / Failed , Average / Below Average , Normal / Over Weight ,BPL /APL എന്നിവയും ഉപയോഗിക്കാറുണ്ട്

അനുയോജ്യമായ കണ്ടീഷനിൽ ഏതെങ്കിലും ഒരു വാക്കാണ് പ്രസ്തുത സെല്ലിൽ വരേണ്ടത് .

അടുത്തതായി IF ഫങ്ഷൻ ഉപയോഗിക്കേണ്ടത് എങ്ങനെയെന്നു നോക്കാം

അതിനായി തന്നിരിക്കുന്ന Spreadsheet ഫയൽ തുറക്കുക

തുടർന്ന് , അവിടെ IF കാണേണ്ട കോളത്തിലെ ആദ്യത്തെ സെല്ലിൽ ക്ലിക്ക് ചെയ്യുക

അതിനുശേഷം , Insert Function Wizard എന്ന രീതിയിൽ ക്ലിക്ക് ചെയ്യുക

അപ്പോൾ Function Wizard എന്ന വിൻഡോ വരും

അതിൽ ഇടതുഭാഗത്തായി Category എന്നതിനു താഴെ Logical എന്നതു സെലക്റ്റ് ചെയ്യുക

Function എന്നതിനു താഴെ IF സെലക്റ്റ് ചെയ്യുക

താഴെയുള്ള Next ബട്ടണിൽ ക്ലിക്ക് ചെയ്യുക

അപ്പോൾ വിൻഡോയിൽ മൂന്ന് സെല്ലുകൾ പ്രത്യക്ഷപ്പെടും

അതിൽ Test എന്നതിനു നേരെയുള്ള സെല്ലിൽ ഏത് കോളത്തിലെ ഡാറ്റ അടിസ്ഥാനമാക്കിയാണോ IF ഫങ്ഷൻ ഉപയോഗിക്കുന്നത് ആ കോളത്തിലെ ആദ്യത്തെ സെല്ലിന്റെ സെൽ അഡ്രസ്സും കണ്ടീഷനും ടൈപ്പ് ചെയ്യുക

ഉദാഹരണമായി E എന്ന കോളത്തെ അടിസ്ഥനമാക്കിയാണെങ്കിൽ E1 എന്ന് ടൈപ്പ് ചെയ്യുക

25 എന്ന സംഖ്യക്ക് തുല്യമോ , വലുതോ എന്ന കണ്ടീഷനെ അടിസ്ഥാനമാക്കിയാണെകിൽ

E1 >=25 എന്ന് ടൈപ്പ് ചെയ്യാം

Then_Value എന്നതിനു നേരെയുള്ള സെല്ലിൽ കൊട്ടേഷനിൽ " SELECTED ” എന്ന് ടൈപ്പ് ചെയ്യുക

അതിനു താഴെ Other wise_ Value എന്നതിനു നേരെയുള്ള സെല്ലിൽ " NOT SELECTED ” എന്നും ടൈപ്പ് ചെയ്യുക

( " SELECTED ” , " NOT SELECTED ” എന്നിവ കൊട്ടേഷനിൽ ആയിരിക്കണം )

അതിനു ശേഷം OK ക്ലിക്ക് ചെയ്യുക

അപ്പോൾ നാം പ്രതീക്ഷിക്കുന്ന സെല്ലിൽ പ്രസ്തുത വാക്ക് വന്നിരിക്കും

തുടർന്ന് താഴെയുള്ള സെല്ലിലേക്ക് മൌസ് ഉപയോഗിച്ച് ഡ്രാഗ് ചെയ്യുക

## തുടർപ്രവർത്തനങ്ങൾ

1. D1 എന്ന സെല്ലിലെ ,നാല്പതും നാല്പതു മാർക്കിനു മുകളിൽ മാർക്കുള്ളവർ Passed എന്നും അല്ലാത്തവർ Failed എന്നും കാണിക്കുന്നതിനുള്ള IF കണ്ടീഷൻ എഴുതുക
2. ഇതുപോലെ വ്യത്യസ്ത കണ്ടീഷൻ കുട്ടികൾക്ക് നൽകി പരിശീലിപ്പിക്കുക